**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1074** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഇന്ത്യൻ മേജർ കാർപ്പ് മത്സ്യങ്ങളെ ജലസംഭരണികളിൽ നിക്ഷേപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ അധീനതയിലുള്ളതും വന്യജീവി സങ്കേതത്തിന്റെ ഭാഗവുമായ പീച്ചി, വാഴാനി, ചിമ്മിണി ജലസംഭരണികളിൽ ഇന്ത്യൻ മേജർ കാർപ്പ് മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിന് നിലവിലുള്ള തടസ്സം നീക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് ഊർജിത നടപടികൾ സ്വീകരിക്കുമോ? | (എ) | പീച്ചി, വാഴാനി, ചിമ്മിനി റിസർവോയറുകൾ സാങ്ച്വറിയ്ക്ക് കീഴിൽ വരുന്നതായതിനാൽ മത്സ്യവിത്ത് നിക്ഷേപത്തിന് വനം വകുപ്പ് അനുമതി ആവശ്യമാണ്. വന്യജീവി സങ്കേതങ്ങളിലെ മാനേജ്മെന്റ് പ്ലാൻ പ്രകാരം ടി ഡാമുകളിൽ മത്സ്യവിത്ത് നിക്ഷേപത്തിന് ഒരു വിദഗ്ധ സമിതിയുടെ പഠനം അനിവാര്യമാണെന്നും വന്യജീവി സംരക്ഷണ നിയമം 12, 29 പ്രകാരം ഒരു വന്യജീവി ആവാസവ്യവസ്ഥയിലേയ്ക്ക് ഒരു ജീവിയെ പുതുതായി ഉൾപ്പെടുത്താൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ആവശ്യമാണെന്നും പീച്ചി വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചിട്ടുണ്ട്. വനം വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ